"ഭരണഭാഷ-മാതൃഭാഷ"

No. DWCD/3810/2024-ICDSA8

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 29-01-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും,

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി കെട്ടിട നിർമ്മാണം - എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്:-

സൂചന:-

സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വകുപ്പിന്റെ സ്മാർട്ട് അങ്കണവാടി, MGNREGS എന്നീ പദ്ധതികൾ പ്രകാരം പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ / എം.പി ഫണ്ട്, സി.എസ്.ആർ ഫണ്ട് തുടങ്ങിയ മറ്റു ഫണ്ടുകൾ വിനിയോഗിച്ചും കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്.

ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്താതെയുള്ള എസ്റ്റിമേറ്റുകൾ സഹിതം അങ്കണവാടി കെട്ടിടനിർമ്മാണാനുമതിയ്ക്കായി ജില്ലകളിൽ നിന്നും പ്രോപ്പോസലുകൾ ലഭ്യമാകുന്നുണ്ട്. ഇപ്രകാരം അപൂർണ്ണമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുറപ്പെടുവിക്കുമ്പോൾ കെട്ടിട നിർമ്മാണം പൂർത്തികരിക്കുവാൻ സാധിക്കാതെ വരികയും, വീണ്ടും പുതുക്കിയ എസ്റ്റിമേറ്റുകൾ പ്രകാരം ഭരണാനുമതി തുകകൾ പുതുക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ആയത് കെട്ടിട നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി

പൂർത്തികരിക്കുന്നതിന് തടസ്സമാകുന്നുണ്ട്.

ഈ സാഹചര്യത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ **ഇലക്ട്രിഫിക്കേഷൻ**, വാട്ടർ ഫെസിലിറ്റി, **കോമ്പൗണ്ട്** വാൾ **തുടങ്ങിയവ** **ഉൾപ്പെടെ** അങ്കണവാടി **കെട്ടിടം** പ്രവർത്തന **സജ്ജമാകുന്നതിന്** **ആവശ്യമായ** **എല്ലാ** ഘടകങ്ങളും **ഉൾപ്പെട്ടിട്ടുണ്ടെന്ന്** ബന്ധപ്പെട്ട സിഡിപിഒ, പ്രോഗ്രാം ഓഫീസർ ഉറപ്പ വരുത്തേണ്ടതാണ്. **അങ്കണവാടിയ്ക്ക്** **ആവശ്യമായ** എല്ലാ അടിസ്ഥാന സൗകര്യങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ വരുത്തിയ **ശേഷം** മാത്രമേ കെട്ടിടനിർമ്മാണാനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ **പാടുള്ളൂ.**

വിശ്വസ്തതയോടെ,

Sunda

For **വനിത ശിശുവികസന ഡയറക്ടർ**